ടി ആരോപണത്തിൻമേൽ ആരോഗ്യവകുപ്പിലെ അഡീഷണൽ ഡയറക്ടർ (വിജിലൻസ്) അന്വേഷണം നടത്തുകയും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സർക്കാർ ആശുപത്രികളിൽ വ്യാപകമായി കൈക്കൂലിയും അഴിമതിയും നടമാടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില ഒറ്റപ്പെട്ട സംഭവങ്ങൾ നടന്നതായി പരാതി ലഭിച്ചിട്ടുണ്ട്.

(സി) ആരോഗ്യ വകുപ്പിലെ അഴിമതി തടയുന്നതിന്റെ ഭാഗമായി അഡീഷണൽ ഡയറക്ടർ (വിജിലൻസ്)-ന്റെ നേതൃത്വത്തിൽ ഒരു വിജിലൻസ് സെൽ പ്രവർത്തിച്ചു വരുന്നു. ടി ഉദ്യോഗസ്ഥൻ ആശുപത്രികളിൽ മിന്നൽ പരിശോധന നടത്തിയും, പരാതികൾ ലഭിക്കുന്നത് അനുസരിച്ച് സ്ഥാപനങ്ങൾ സന്ദർശിച്ച് കുറ്റക്കാർക്കെതിരെ മേൽനടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ ജില്ലാ മെഡിക്കലാഫീസർമാരും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള മറ്റ് ഉദ്യോഗസ്ഥൻമാരും ആശുപത്രികൾ സന്ദർശിച്ച് കുറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നു. ഇതിനുപുറമെ പോലീസ്, വിജിലൻസ്, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിൻമേലും അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

നിർമ്മാർജ്ജനം ചെയ്യപ്പെട്ടിരുന്ന രോഗങ്ങൾ വീണ്ടും വരുന്നതിനെതിരെ പ്രതിരോധ നടപടികൾ

*12 [365] *ശ്രീ. വി. കെ. ചന്ദ്രൻ:*

„ *കെ. വി. കുഞ്ഞിരാമൻ:*

„ *പിരപ്പൻകോട് മുരളി:*

„ *എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാർജ്ജനം ചെയ്യപ്പെട്ടിരുന്ന പല രോഗങ്ങളും വീണ്ടും വരുന്നതായുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*:

(എ) സംസ്ഥാനത്തുനിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ടിരുന്ന മലമ്പനി രോഗം വീണ്ടും പ്രത്യക്ഷപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) & (സി) ഊർജ്ജിതമായ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചതിനാൽ രോഗം വ്യാപിക്കാതെ തടയുവാനും കാസർഗോഡ് ഒഴികെ മറ്റു സ്ഥലങ്ങളിൽ പൂർണ്ണമായും നിയന്ത്രിക്കുവാനും സാധിച്ചു. മംഗലാപുരത്ത് വിവിധ ആവശ്യങ്ങൾക്ക് പോയിവരുന്നവരിലൂടെയാണ് മലമ്പനി രോഗം കാസർഗോഡ് പ്രദേശത്ത് നിലനിൽ ക്കുന്നത്. ഇതിനു പരിഹാരമായി മംഗലാപുരത്തുനിന്നും ജോലിക്കു വരുന്നവരേയും അവിടെ പോയി വരുന്നവരേയും രക്തപരിശോധനയ്ക്ക് വിധേയമാക്കി കാലേക്കൂട്ടി രോഗനിർണ്ണയം നടത്തി ചികിത്സിച്ചുവരുന്നു. കൂടാതെ ഊർജ്ജിതമായ രീതിയിൽ കേരളത്തിലെ എല്ലാ ജില്ലകളിലും രോഗനിർണ്ണയവും കാലേക്കൂട്ടിയുള്ള ചികിത്സയും കൊതുകു നിയന്ത്രണം, ബോധവൽക്കരണം തുടങ്ങിയ രോഗപ്രതിരോധ നിയന്ത്രണ മാർഗ്ഗങ്ങളും നടത്തിവരുന്നു.

രോഗനിർണ്ണയം നടത്തുന്നതിലേക്കായി ക്യാമ്പുകൾ സംഘടിപ്പിക്കുകയും കൊതുകു നിവാരണത്തിനായി പൊതുജന പങ്കാളിത്തത്തോടുകൂടി മത്സ്യക്കുഞ്ഞുങ്ങളെ ജലശേഖരങ്ങളിൽ നിക്ഷേപിക്കുന്നതുവഴി കൊതുകുകളുടെ കൂത്താടികളെ നശിപ്പിക്കുന്ന പ്രവർത്തനവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണ ത്തോടുകൂടി കീടനാശിനി തളിക്കൽ, ഫോഗിംഗ്, കൂത്താടി നശീകരണം മുതലായ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

ബോധവൽക്കരണ ക്ലാസുകൾ, നോട്ടീസ് വിതരണം, ചർച്ചാക്ലാസുകൾ, ആരോഗ്യ വിദ്യാഭ്യാസം മുതലായവയും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കു വാനായി നടത്തിവരുന്നു. കൂടാതെ ഡൽഹിയിലെ ദേശീയ വെക്ടർ ബോൺ ഡിസീസ് കൺട്രോൾ പ്രോഗ്രാം, പൂനയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി, മധുരയിലെ സെന്റർ ഫോർ റിസർച്ച് ഇൻ മെഡിക്കൽ എന്റമോളജി എന്നിവിടങ്ങളിൽനിന്നും സാങ്കേതിക വിദഗ്ദ്ധർ കേരളത്തിൽ വന്ന് പഠനങ്ങൾ നടത്തുകയും ഉണ്ടായി. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, റീജിയണൽ ഫൈലേറിയ ട്രെയിനിംഗ് ആന്റ് റിസർച്ച് സെന്ററിലെ വിദഗ്ദ്ധൻമാർ, ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ എന്നിവരടങ്ങിയ ഒരു വിദഗ്ദ്ധ കമ്മിറ്റി മേൽപ്പറഞ്ഞ പഠന റിപ്പോർട്ടുകൾ അവലോകനം ചെയ്തുവരുന്നുണ്ട്. ഇത്തരത്തിലുള്ള വിദഗ്ദ്ധരടങ്ങിയ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ശക്തമായ രോഗപ്രതിരോധ പ്രവർത്തനങ്ങൾ സ്വീകരിച്ചു നടപ്പിലാക്കിവരുന്നു.

(ഡി) രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly